കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അമ്പൂരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2261/2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി: 14.01.2019

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

അന്നൂരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അന്നൂരി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്നൂരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2261/2018 തീയതി: 14.01.2019

## തിരുവനന്തപുരം ജില്ലയിലെ അന്നൂരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 18.08.2017 മുതൽ 20.8.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിന് ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സജൻലാൽ.എസ്.ജെ,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.9.2018 മുതൽ 29.9.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സിന്ധുലാബീവി.എം, ഓഡിറ്റ് ഓഫീസർ<br>ശ്രീ. അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.സുരേഷ്ബാബു .ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.കോസലരാമദാസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീഷിംജി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ബി.ഷാജി | 01-04-17 മുതൽ 31-3-18 വരെ |
| സെക്രട്ടറി | ശ്രീ.വി.ഹരികുമാർ. | 01-04-17 മുതൽ 05-06-2017വരെ |
| | ശ്രീമതി.ഓമനാദേവദാസ്. | 06-06-2017 മുതൽ 26-06-2017വരെ |
| | ശ്രീ. ഗോപകുമാർ | 27-06-2017 മുതൽ 08-01-2018വരെ |
| | ശ്രീമതി.നൂർജഹാൻ | 09-01-2018 മുതൽ 19-01-2018വരെ |
| | ശ്രീ.പെരുമാൾപിള്ള | 20-01-2018 മുതൽ 31-03-2018വരെ |

നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.ശ്രീരാഗ്.ആർ.കെ. | 01.04.2017മുതൽ 17.02.2018വരെ |
| | ശ്രീ.പ്രവീൺ കുമാർ. | 18.02.2018 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.അജിത്ത്. | 01.04.2017 മുതൽ 31.03.2018വരെ |
| എം.ഒ (ആയുർവേദം) | ഡോ.ഷീനാ പീറ്റർ. | 01.04.2017 മുതൽ 31.03.2018വരെ |
| എം.ഒ (പി.എച്ച്.സി) | ഡോ.നവജീവൻ. | 01.04.2017 മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ശ്രീ.എൽ.അയ്യങ്കാർ. | 01.04.2017 മുതൽ 31.03.2018വരെ |
| എച്ച്.എം. (എൽ. പി.എസ്) | ശ്രീമതി.ഷീല.ഐ.ജി. | 01.04.2017 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സന്ധ്യ.എൻ.എസ്. | 01.04.2017 മുതൽ 31.03.2018വരെ |
| വി.ഇ.ഒ -I | ശ്രീമതി.പുഷ്പകുമാരി. | 01.04.2017മുതൽ 31.03.2018വരെ |
| വി.ഇ.ഒ -II | ശ്രീ.സമ്പത്ത് മോഹൻ. | 01.04.2017 മുതൽ 31.03.2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സുസ്മിത. | 01.04.2017 മുതൽ 31.03.2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി. നിർമ്മല സിസിലി ജോർജ് | 01.04.2017 മുതൽ 17.02.2018വരെ |
| | ശ്രീ.സുനിൽ.കെ | 18.02.2018 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>

| ക്രമ. | വിഷയം | ഖണ്ഡിക |
|---|---|---|

| നം. | | നം. |
|---|---|---|
| ഭാഗം - I | | |
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1.7 |
| 8 | ക്ഷേമ പദ്ധതികൾ | 1.8 |
| 9 | ക്യാഷ് പരിശോധന | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 |
| 11 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1.11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1.12 |
| ഭാഗം-II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 14 | തൊഴിൽ നികുതി നടപടിക്രമം പാലിച്ചില്ല- വരുമാനനഷ്ടത്തിന് വഴിയൊരുങ്ങും | 2.1 |
| 15 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ | 2.2 |
| 16 | മാർക്കറ്റ് ലേലം – മുൻവർഷത്തേക്കാൾ 31285/-രൂപയുടെ കുറവ് | 2.3 |
| 17 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. | 2.4 |
| ഭാഗം-III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | ഗുണഭോക്തൃ സമിതി നിർവഹണം നടത്തുന്ന പദ്ധതികൾ – വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് ഫലപ്രദമല്ല. | 3.1 |

| | | |
|---|---|---|
| 19 | ഓടനിർമ്മാണം-അധിക നിരക്ക് നല്കി.നഷ്ടം-11576/- രൂപാ | 3.2 |
| 20 | എസ്റ്റിമേറ്റുകൾ ശരിയായ പഠനം നടത്താതെ തയ്യാറാകുന്നു | 3.3 |
| 21 | ടെണ്ടർ ചെയ്ത തുകയെക്കാൾ അധിക തുക കരാറുകാരന് നല്കി - നഷ്ടം 78841/-രൂപ | 3.4 |
| 22 | റോഡ് പ്രവൃത്തികൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു | 3.5 |
| 23 | സൈഡ് വാൾ നിർമ്മാണം-ഐകരൂപ്യം പാലിക്കുന്നില്ല.നഷ്ടം 5971/-രൂപാ | 3.6 |
| 24 | സ്പിൽ ഓവർ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നില്ല- തീരുമാനങ്ങൾ പാഴാകുന്നു. | 3.7 |
| 25 | തെരുവു വിളക്ക് വാങ്ങൽ- ആവശ്യത്തിലധികം വാങ്ങി - 14235/- രൂപ തടസ്സപ്പെടുത്തുന്നു. | 3.8 |
| 26 | പഞ്ചായത്ത് ഓഫീസ് വയറിംഗ്. | 3.9 |
| 27 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. തുക തടസ്സം ചെയ്യുന്നു. 1734000/- രൂപ | 3.10 |
| 28 | ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല തടസ്സം 353124/- | 3.11 |
| 29 | വി.ഇ.ഒ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3.12 |
| | ഭാഗം - IV | |
| 30 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4.1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 33 | വായ്പ /വായ്പ തിരിച്ചടവ് | 4.4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 35 | ഓഡിറ്റ് റിക്കവറി | 4.6 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4.7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4.8 |

| | | |
|---|---|---|
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4.9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജററ്

2017-18വർഷത്തെ ബജറ്റ് 23.3.2017 തീയതിയിലെ I(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 232459938/- രൂപ വരവും 230057500/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 63542212/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 59627080/-രൂപയുമാണ്. (റസീപ്റ്റ് & പേമെന്റ് പ്രകാരം.)

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 30.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിൻെറ വിവരം

04.09.2018-ലെ നം. കെ.എസ്.എ.റ്റി.വി.എം/ജി.പി.2/1774/2018-ാം നമ്പരായി വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7209859 |
| വരവ് | 56332353 |
| ആകെ | 63542212 |
| ചെലവ് | 59627080 |
| നീക്കിയിരിപ്പ് | 3915132 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 10447045 | 10447045 | 10447045 | 0 |
| വികസനഫണ്ട് (SCP) | 0 | 1633473 | 1633473 | 1633473 | 0 |
| വികസനഫണ്ട് (TSP) | 0 | 2698287 | 2698287 | 2698287 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6984444 | 6984444 | 6984444 | 0 |
| കെ.എൽ.ജി.എസ്.ഡി.പി. | 0 | 2011373 | 2011373 | 2011373 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 2332593 | 2332593 | 2332593 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9984652 | 9984652 | 9984652 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 5709 | 1752351 | 1758060 | 1756331 | 1729 |
| എസ്.ബി.ഐ.കറണ്ട് അക്കൗണ്ട് | 0 | 11976 | 11976 | 649 | 11327 |
| ബി ഫണ്ട് | | 264520 | 264520 | 264520 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് എസ്.ബി.ടി. | 2700011 | 6237000 | 8937011 | 8562386 | 374625 |
| service co operative bank– ownfund | 2449861 | 5499029 | 7948890 | 5568866 | 2380024 |
| federal bank-ownfund | 1903019 | 2679416 | 4582435 | 3557358 | 1025077 |
| Cash in hand | 151259 | 187471 | 338730 | 216380 | 122350 |

## 1-6 പദ്ധതി അവലോകനം.

| നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| കൃഷിഓഫീസർ | 9 | 956508 | 9 | 671543 | - | 0 | 100 |
| സെക്രട്ടറി | 41 | 8939995 | 32 | 7136715 | - | 9 | 78 |
| വെറ്ററിനറി സർജൻ | 2 | 1100000 | 2 | 1021401 | - | - | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 200000 | 1 | 200000 | - | - | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 500000 | 1 | 500000 | - | - | 100 |
| വി.ഇ.ഒ | 7 | 965300 | 2 | 174600 | 5 | - | 29 |
| വി.ഇ.ഒ | 15 | 7942700 | 14 | 2831240 | 0 | 1 | 93 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 680000 | 1 | 680000 | - | - | 100 |
| ഹെഡ്മിസ്ട്രസ്സ് | 3 | 175000 | 3 | 173000 | - | - | 100 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 138 | 37503253 | 88 | 20465139 | - | 50 | 64 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 5709 | 1752351 | 1758060 | 1756331 | 1729 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 53007467 | 53007467 | 53007467 | |
| ആകെ | 5709 | 54759818 | 54765527 | 54763798 | 1729 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 134520 | 231 |
| കർഷകതൊഴിലാളി പെൻഷൻ | 679500 | 247 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 2888100 | 905 |
| വാർദ്ധക്യകാലപെൻഷൻ | 5443500 | 1625 |
| വികലാംഗ പെൻഷൻ | 973800 | 301 |
| വിവാഹധനസഹായം | 130000 | 5 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ളപെൻഷൻ | 155400 | 53 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2018 ന് രാവിലെ 10:45 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1522/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

സെക്രട്ടറി ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം പ്രതിമാസ ഓഫീസ് മീറ്റിംഗ് വിളിച്ച് ചേർത്തതിന്റെ മിനിട്സ് ഓഡിറ്റിന് ഹാജരാക്കിയില്ല. പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണ സമിതിക്ക് നൽകണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. റെക്കോർഡ് റൂം ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സംവിധാനം തൃപ്തികരമല്ല. പെർമിറ്റ് രജിസ്റ്റർ, UA രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ എന്നീ സുപ്രധാന രജിസ്റ്ററുകൾ കൃത്യമായ രീതിയിൽ പരിപാലിച്ചിട്ടില്ല. മിനിട്സിലെ രേഖപ്പെടുത്തലുകൾ സകർമ്മ സോഫ്റ്റ് വെയറിൽ കാലികമാക്കിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ മൂല്യാധിഷ്ഠിതമാക്കി കാലികമാക്കിയിട്ടില്ല. സദ്ഭരണ ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പിന്റെയും അതിന്റെ മേൽനോട്ട ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

1-10-1 പൊതുഭരണം

1) ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യ നീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത എന്നിവ സേവനപ്രദാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായകമാണ്. അന്നൂരി ഗ്രാമപഞ്ചായത്തിൽ രജിസ്ട്രേഷൻ വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ടെങ്കിലും എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

സേവനങ്ങൾ സെക്ഷനുകളിൽ നിന്നും ലഭിച്ച തീയതിയും സേവനം നൽകിയ തീയതിയും കൃത്യമായി രേഖപ്പെടുത്തിയ ഫ്രണ്ട് ഓഫീസ് ഡയറി, ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ , ഫോറം വിതരണ രജിസ്റ്റർ എന്നിവ പരിപാലിക്കണം. വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം.ലഭിക്കുന്ന തപാലുകൾ അന്നേ ദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം. തൻപതിവേടിൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിട്ടറിംഗ് നടത്തണം. ഫ്രണ്ട് ഓഫീസ് മോണിട്ടറിംഗ് സമിതി ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് വൈസ് പ്രസിഡന്റും

സൂപ്പർവൈസറും ചേർന്ന് റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്ക് നൽകണം.

2) വിവരാവകാശ രജിസ്റ്റർ

ഗ്രാമപഞ്ചായത്തിൽ അനക്ഷർ II മാതൃകയിലല്ല വിവരാവകാശ രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നത്.

3) സേവനാവകാശം

സംസ്ഥാന സേവനാവകാശ നിയമം ( 01/01/2013-ലെ സ.ഉ (എം.എസ്) നമ്പർ 03/2013 /തസ്വഭവ). പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി) നമ്പർ 14/2013/പി.ആൻറ് എ.ആർ.ഡി 20/04/2013-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18/06/2012) വകുപ്പ് മൂന്നിലെ ദേദഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിച്ച മുഴുവൻ അപേക്ഷകളും സമയ ബന്ധിതമായി പൂർത്തീകരിച്ചതായി ഓഡിറ്റ് അന്വേഷണത്തിന് (നം 35/16.8.2018) മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിനായി 2017-18ലെ സേവനാവകാശ രജിസ്റ്ററോ മറ്റ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവെന്ന് ഉറപ്പാക്കാനായിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.09.2018 | 01-08-2018 മുതൽ 31-08-2018 വരെ |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമല്ല | 2008-2009 മുതൽ 2012-2013വരെ |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട പരാമർശങ്ങൾ - ഇല്ല

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി നടപടിക്രമം പാലിച്ചില്ല- വരുമാനനഷ്ടത്തിന് വഴിയൊരുങ്ങും

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വകുപ്പ് | നടപടിക്രമം |
|---|---|---|
| 1 | 205(ബി) | നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ സമർപ്പിക്കുവാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. |
| 2 | 205(ഇ) | സ്ഥാപനങ്ങൾ മുതലായവയുടെ പേര് നൽകുന്നതിന് ആവശ്യപ്പെടൽ. |
| 3 | 205(സി) | തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടൽ. |
| 4 | 205(എഫ്1) | ഓരോ വർഷവും ഓഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിന് മുമ്പ് ഓരോ ഓഫിസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. |
| 5 | 205(ഡി) | തൊഴിലുടമകൾ നികുതി വസൂലാക്കൽ. |

ജീവനക്കാരുടെ വരുമാനം സംബന്ധിച്ച എല്ലാ രേഖപ്പെടുത്തലുകളും വരുത്തിവേണം സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കേണ്ടത്. അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ യഥാർത്ഥ വരുമാനത്തിനനുസരിച്ചാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായില്ല. 1996 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം204(3) പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടക ബത്ത, സി.സി.എ.യാത്രാ അലവൻസ്, യാത്രാ സൗകര്യ അലവൻസ് എന്നിവ ഒഴികെ എല്ലാ മാർഗങ്ങളിലും കൂടിയുള്ള ആകെ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. ഈനിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

i) തൊഴിൽ നികുതി പൂർണ്ണമായും ഒടുക്കുവരുത്തിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഡിമാന്റ് ചെയ്തിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ

ജീവനക്കാരിൽ നിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതിഒടുക്കുവിവരം | |
|---|---|---|---|
| | | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
| 1 | മാർ ബസേലിയസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 8850 | അടച്ചിട്ടില്ല. |
| 2 | സഹൃദയ ഇ.എം.സ്കൂൾ | 960 | അടച്ചിട്ടില്ല. |
| 3 | എം.വി.സി.എസ് തട്ടാം മുക്ക് മായം | അടച്ചിട്ടില്ല. | അടച്ചിട്ടില്ല. |

തൊഴിൽ നികുതി ഒടുക്കാത്ത ജീവനക്കാരിൽ നിന്നും പിഴപ്പലിശ സഹിതം തുക ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.1/22.09.18 ന് മറുപടി ലഭ്യമാക്കിയില്ല

ii മൊബൈൽ ടവറുകളുടെ സ്ഥാപനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന 12മൊബൈൽ ടവറുകളിൽ 8മൊബൈൽ ടവറുകളിൽ നിന്നും മാത്രമാണ് 2017-18 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 4/2018ന് ലഭിച്ച മറുപടി തൃപ്തികരമല്ല. ഡബ്ല്യൂ.പി.സി 16670/06 നം. കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന_തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ചുവടെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും 2017-18 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1. ജില്ലാ ടെലികോം ഓഫീസ്, മായം (കെട്ടിട നം.1/44)

2.മൊബൈൽ ടവർ,അമ്പൂരി (കെട്ടിട നം.4/263)

3.പി.എ.അലക്സാണ്ടർ, പാവത്തിൽ ഹൗസ്.(കെട്ടിട നം.4/337)

4.ബി.എസ്.എൻ.എൽ വാഴിച്ചൽ മെബൈൽ ടവർ

## 2-2 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ

a)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. നിലവിലുള്ള ട്രേഡേഴസ് ലിസ്റ്റിൽ ലൈസൻസിന് പുതുതായി അപേക്ഷിക്കുന്ന സ്ഥാപനങ്ങൾ

കൂട്ടിച്ചേർത്താണ് നിലവിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. . കൂടാതെ 2015-16 മുതൽ ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നതായും ട്രേഡേഴസ് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ലൈസൻസ് യഥാസമയം പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബജറ്റ് രൂപീകരണവേളയിൽ നിലവിലെ വരുമാന സ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ചതായി മിനിട്ട്സിലോ ബജറ്റ് ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

## 2-3 മുൻ വർഷത്തേക്കാൾ മാർക്കറ്റ് ലേലം 31285/-രൂപയുടെ കുറവ്

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ രണ്ടു മാർക്കറ്റുകളും (അമ്പൂരി പബ്ലിക്ക് മാർക്കറ്റ്,വാഴിച്ചൽ പബ്ലിക്ക് മാർക്കറ്റ് എന്നിവ) അമ്പൂരി പബ്ലിക്ക് കംഫർട്ട് സ്റ്റേഷനുമാണ് നിലവിലുള്ളത്. 2016-17ലെ ലേലത്തുകയിൽ കുറവായാണ് 2017-18 ൽ ലേലം കൊണ്ടത്. ലേല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാർക്കറ്റ് | 2016-17 ലെ ലേലത്തുക | 2017-18 ലെ ലേലത്തുക | വ്യത്യാസം |
|---|---|---|---|---|
| 1 | അമ്പൂരി പബ്ലിക്ക് മാർക്കറ്റ്, | 52000 | 30050 | 21950 |
| 2 | വാഴിച്ചൽ പബ്ലിക്ക് മാർക്കറ്റ് | 20000 | 10500 | 9500 |
| ആകെ | | 72000 | 40550 | 31450 |

2017-18 ലെ ലേല നടപടി പ്രകാരം പഞ്ചായത്ത് ഫണ്ടിന് 31450/-രൂപായുടെ കുറവ് സംഭവിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.

2017-18 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത 46 പ്രവൃത്തികളിൽ നിന്നും 100365/-രൂപാ ഗ്രാമ പഞ്ചായത്തിന് ലഭിക്കുവാനുണ്ട്.ആയത് ലഭ്യമാക്കുവാനുള്ള നടപടികൾ ഒന്നും തന്നെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ലഭ്യമാക്കാൻ വേണ്ട നടപടികൾ ഊർജ്ജിതമാക്കേണ്ടതും ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃ സമിതി നിർവഹണം നടത്തുന്ന പദ്ധതികൾ

**-വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് ഫലപ്രദമല്ല.**

ജി.ഒ.(എം.എസ്)10/2017തീയതി.09.01.17 ൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾ ചെലുത്തേണ്ട ചുമതലകളെപ്പറ്റി വിശദീകരിക്കുന്നുണ്ട്. സർക്കുലർ നം.1/1559/2010/സി.ഇ/ത.സ്വ.ഭ.വ /തീയതി13.11.2014 പ്രകാരം ഗുണഭോക്തൃ സമിതി നിർവ്വഹണം നടത്തുന്ന പദ്ധതികൾക്ക് നല്കേണ്ട തുക സമിതിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ ചുവടെ പറയുന്ന മരാമത്ത് പദ്ധതികൾക്ക് സമിതി വരവ് ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ വിവരം | എം.ബുക്ക് പ്രകാരം അനുവദിച്ച തുക | അപാകതകൾ |
|---|---|---|---|
| 1 | പദ്ധതി-മൂങ്ങോട് അരിവിപ്പുറം റോഡ് സെക്കന്റ് മെറ്റലിംഗ് & ടാറിംഗ് (211/18)<br>അടങ്കൽ-435000/-<br>കൺവീനർ-ശ്രീമതി സബീനാ ബീവി.<br>എം. ബുക്ക് നം.-384/17-18 | 424005/-<br>ബിൽ നം.79/17-18 തീയതി.24/03/18 | തൊഴിലാളികളെ നിയോഗിച്ചതിന്റെ മസ്റ്റർ റോൾ, മെറ്റീരിയൽസ് വാങ്ങിയതിന്റെ ബിൽ വൗച്ചറുകൾ, (ടാർ വാങ്ങിയ ബിൽ ഒഴികെ) പരിശോധനയ്ക്ക് ഹാജരാക്കിയില്ല.ചെലവ് രേഖകൾ ഗുണഭോക്തൃ സമിതി അംഗീകരിച്ചിട്ടില്ല. |
| 2 | പദ്ധതി-പുല്ലുവിള -പുട്ടുകല്ല് റോഡ് റീ ടാറിംഗ് (221/18)<br>അടങ്കൽ-275000/-<br>കൺവീനർ-ശ്രീ മോഹനൻ<br>എം. ബുക്ക് നം.89/16-17 | 264609/-ബിൽ നം.42/17-18 തീയതി.12/01/18 | തൊഴിലാളികളെ നിയോഗിച്ചതിന്റെ മസ്റ്റർ റോൾ, മെറ്റീരിയൽസ് വാങ്ങിയതിന്റെ ബിൽ വൗച്ചറുകൾ, (ടാർ വാങ്ങിയ ബിൽ ഒഴികെ) പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് രേഖകൾ ഗുണഭോക്തൃ സമിതി അംഗീകരിച്ചിട്ടില്ല. |
| 3 | പദ്ധതി-മായം പുരവിമലക്കടവ് റോഡ് റീ ടാറിംഗ് (223/18)<br>അടങ്കൽ-175000/-<br>കൺവീനർ-ശ്രീ മാത്യു തോമസ<br>എം.ബുക്ക് നം.72/16-17 | 157494/-ബിൽ നം.9/17-18 തീയതി.30/06/17 | തൊഴിലാളികളെ നിയോഗിച്ചതിന്റെ മസ്റ്റർ റോൾ,മെറ്റീരിയൽസ് വാങ്ങിയതിന്റെ ബിൽ വൗച്ചറുകൾ ,(ടാർ വാങ്ങിയ ബിൽ ഒഴികെ)പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് രേഖകൾ ഗുണഭോക്തൃ സമിതി അംഗീകരിച്ചിട്ടില്ല. |

മേൽ സൂചിപ്പിച്ച അപാകതകൾ ഓഡിറ്റ് എൻക്വയറി നം 20 തീയതി 27/09/18 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തിയപ്പോൾ മാത്രമാണ് വരവ് ചെലവുകണക്കുകൾ

തയ്യാറാക്കി നല്കിയത്. എന്നാൽ ആകെ ചെലവിന്റെ അംഗീകരിച്ച സംക്ഷിപ്ത പത്രിക ലഭ്യമാക്കിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ ഫലപ്രദമല്ലാത്ത മോണിറ്ററിംഗ് അധിക ചെലവിന് കാരണമാകാം.മാത്രമല്ല 19/04/2017ൽ കൂടിയ ജനറൽ കമ്മിറ്റി യോഗത്തിൽ (തീരുമാനം നം 1-3) അസി എഞ്ചിനീയർ നിർവഹണം നടത്തുന്ന പദ്ധതികളിൽ മോണിറ്ററിംഗ് ഫപ്രദമായി നടക്കുന്നില്ല എന്ന് പരാമർശിച്ചിട്ടുമുണ്ട്. ആയതിനാൽ പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാകേണ്ടതും വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതുമാണ്.

## 3-2 ഓടനിർമ്മാണം-അധിക നിരക്ക് നല്കി.നഷ്ടം-11576/- രൂപ

ഗ്രാമ പഞ്ചായത്ത് 2017-18 ൽ നിർവഹിച്ച ഓടനിർമ്മാണം പ്രവൃത്തികളിൽ, ഓടകളുടെ അടിഭാഗത്ത് നല്കുന്ന (botton layer) സിമന്റ് കോൺക്രീറ്റ് 1:3:6 ഇനം കോൺക്രീറ്റിന് അനുവദിക്കേണ്ട നിരക്ക് $m^3$ ന് 7725.54/-രൂപയാണ്. എന്നാൽ ഇതിന് പകരം $m^3$ ന് 8034.59/-രൂപ അനുവദിച്ചതിലൂടെ വിവിധ പദ്ധതികളിൽ നഷ്ടം ഉണ്ടായിട്ടുണ്ട്.

അംഗീകൃത നിരക്ക്.(Mord 11.4.1)

| item | Unit | Quantity | Rate Rs | Cost RS |
|---|---|---|---|---|
| cement | tonne | 0.25 | 5792.24 | 1448.06 |
| Coarse sand at site | Cum | 0.48 | 1303.77 | 625.81 |
| 40 mm aggregate | Cum | 0.576 | 1362.79 | 784.97 |
| 20 mm aggregate | Cum | 0.288 | 1403.77 | 404.29 |
| 10 mm aggregate | Cum | 0.096 | 1403.77 | 134.76 |
| Labour | | | | |
| Mate | Day | 0.08 | 407 | 32.56 |
| Mason(Ist class) | Day | 0.1 | 487 | 48.7 |
| Mazdoor (unskilled) | Day | 1.63 | 368 | 599.84 |
| Bhisti | Day | 0.27 | 407 | 109.89 |
| Machinery | | | | |
| Concrete mixer 0.28/0.4 cum ......................And form | hour | 0.4 | 100 | 40 |

| | | | | |
|---|---|---|---|---|
| work @4% on cost of material | | | | |
| Cost of 1.0 cum | | | | 4228.88 |
| Add Overhead @ 10% | | | | 422.88 |
| Add CP | | | | 465.178 |
| Total | | | | 5116.93 |
| Cost Index @50.98% | | | | 2608.61 |
| Total for 1Cum | | | | 7725.54 |

എന്നാൽ ചുവടെ പറയുന്ന പ്രവൃത്തികൾക്ക് അധിക നിരക്ക് നല്കിയിട്ടുണ്ട്.

1. മായം പുട്ടുകല്ല് റോഡിൽ ഓട നിർമ്മാണം(188/18)

അടങ്കൽ - 419000/-

ചെലവ് - 350701/-

കരാറുകാരൻ - രാജീവ് .വി

ടെണ്ടർ - 16.3% below

എം ബുക്ക് നം.- 267/17-18

ബിൽ നം. - 58/17-18.dtd.31/01/18

നല്കിയ തുക - 12.835 $m^3$@8034.59 $m^3$=103123.96/-രൂപ

നല്കേണ്ട തുക - 12.835 $m^3$@7725.54 $m^3$=99157.30/-രൂപ

വ്യത്യാസം - 3966.66

ടെണ്ടർ കുറവ്- 646.56

അധികം നല്കിയ തുക- 3320/-

2. പന്ത കരുമംകുളം ക്ഷേത്രനട ഓട നിർമ്മാണം(154/18)

അടങ്കൽ - 254000/-

ചെലവ് - 203372/-

കരാറുകാരൻ - വിജയകുമാർ

ടെണ്ടർ - 18.5% below

എം.ബുക്ക് നം.- 155/17-18

ബിൽ നം. - 65/17-18.dtd.16/02/18

നല്കിയ തുക - 7.608$m^3$@8034.59$m^3$=61127.16/-രൂപ

നല്കേണ്ട തുക- 7.608$m^3$@7725.54$m^3$=58775.90/-രൂപ

വ്യത്യാസം- 2351.26

ടെണ്ടർ കുറവ്- 434.98

അധികം നല്കിയ തുക- 1916/-

3. <u>ഊറ്റുകുഴി റോഡിൽ ഓടനിർമ്മാണം(193/18)</u>

അടങ്കൽ-300000/-

ചെലവ്-298759/-

കരാറുകാരൻ-വിക്ടർ

ടെണ്ടർ-0.01% below

എം ബുക്ക് നം.-582/17-18

ബിൽ നം-91/17-18.dtd.27/03/18

നല്കിയ തുക-7.447$m^3$@8034.59$m^3$=59833.59/-രൂപ

നല്കേണ്ട തുക-7.447$m^3$@7725.54$m^3$=57532.09/-രൂപ

വ്യത്യാസം - 2301/-

ടെണ്ടർ കുറവ്- 0.230/-

അധികം നല്കിയ തുക- 2300/-

4. <u>ഞവരക്കാട് കുമ്പിച്ചൽ റോഡ് ഓട നിർമ്മാണം(125/18)</u>

അടങ്കൽ - 350000/-

ചെലവ് - 293271/-

കരാറുകാരൻ- രാജീവ്

ടെണ്ടർ - 16.2% below

എം ബുക്ക് നം.- 255/17-18

ബിൽ നം.-52/17-18.dtd.25/01/18

നല്കിയ തുക- 8.076$m^3$@8034.59$m^3$=64887.35/-രൂപ

നല്കേണ്ട തുക-8.076$m^3$@7725.54$m^3$=62391.46/-രൂപ

വ്യത്യാസം-2495.89/-

ടെണ്ടർ കുറവ്-404.33/-

അധികം നല്കിയ തുക-2091/-

5. പന്ത കരുമംകുളം റോഡിൽ ഓട നിർമ്മാണം (153/18)

അടങ്കൽ - 250000/-

ചെലവ് - 207176/-

കരാറുകാരൻ- വി.മോഹനകുമാർ

ടെണ്ടർ - 17.10 % below

എം.ബുക്ക് നം.- 278/17-18

ബിൽ നം.-71/17-18.dtd.21/02/18

നല്കിയ തുക-7.608$m^3$@8034.59$m^3$=61127.16/-രൂപ

നല്കേണ്ട തുക-7.608$m^3$@7725.54$m^3$=58775.90/-രൂപ

വ്യത്യാസം-2351.25/-

ടെണ്ടർ കുറവ്-402.06/-

അധികം നല്കിയ തുക-1949/-

ഈ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 22 തീയതി 27/09/18 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികം നല്കിയ തുക 11576/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 എസ്റ്റിമേറ്റുകൾ ശരിയായ പഠനം നടത്താതെ തയ്യാറാക്കുന്നു.

തൻവർഷം അംഗീകാരം ലഭിച്ച മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി തയ്യാറാക്കിയ പ്രവൃത്തികളിൽ പലതും റിവൈസ് ചെയ്തതായി കാണുന്നു. സൈറ്റ് കണ്ടിഷൻ മനസിലാക്കാതെയും ആവശ്യകത നിർണ്ണയിക്കാതെയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് ഇത് സൂചിപ്പിക്കുന്നു. തൻമൂലം പലഎസ്റ്റിമേറ്റുകളിലും വ്യാപകമായ വ്യതിയാനം വരുത്തേണ്ടി വരുന്നു.

ചില ഇനം പ്രവൃത്തികൾ ഒഴിവാക്കപ്പെടുകയും ആദ്യ എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ശരിയായ ആവശ്യകത നിർണ്ണയിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാകുന്നു. ഇത് GO(p)13/2012pwd Dt.01.02.2012 പ്രകാരമുള്ള 2012 ലെ റിവൈസ്ഡ് പി.ഡബ്ള്യൂ.ഡി മാന്വലിലെ നിർദ്ദേശങ്ങൾക്ക് എതിരാണ്.

ശരിയായ പഠനം നടത്താതെയും ആവശ്യകത മനസിലാക്കാതെയുമുള്ള മരാമത്ത് പദ്ധതികളുടെ രൂപീകരണം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയിൽ നിക്ഷിപ്തമായ ചുമതല നിർവഹിക്കുന്നില്ലാ എന്നതിന്റെ തെളിവാണ്.

മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി തയ്യാറാക്കിയ ചുവടെ പറയുന്ന പ്രവൃത്തികൾ തൻവർഷം

റിവൈസ് ചെയ്തിട്ടുണ്ട്.

1. ശുരുവക്കാണി ആലംപന്തി റോഡിൽ ഓടയും സൈഡ് വാളും - 137/18
2. ഉരിയരിക്കുന്ന് പാർശ്വഭിത്തി നിർമ്മാണം - 189/18

## 3-4 ടെണ്ടർ ചെയ്ത തുകയെക്കാൾ അധിക തുക കരാറുകാരന് നല്കി - നഷ്ടം 78841/-രൂപ

പ്രവൃത്തി - കുരിശുമല റോഡിൽ ഓട നിർമ്മാണം(124/18)

അടങ്കൽ - 569000/-

ചെലവ് - 501453/-

PAC - 422612.25/-

കരാറുകാരൻ - ധനേന്ദ്രൻ

എം.ബുക്ക് നം - 7/2017-18

ബിൽ നം. - 38/17-18 dtd.12/01/18

മേൽ സൂചിപ്പിച്ച പ്രവൃത്തിക്ക് ശ്രീ.ധനേന്ദ്രൻ (422612.25/-രൂപ), ശ്രീ.രാജീവ്.വി (476010.24/-രൂപ), ശ്രീ.ആർ.ചന്ദ്രകുമാർ (493675.75രൂപ) എന്നിവർ ടെണ്ടർ സമർപ്പിക്കുകയും 18/08/2017 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി ശ്രീ ധനേന്ദ്രന്റെ ടെണ്ടർ, തീരുമാനം 1(1) പ്രകാരം അംഗീകരിക്കുകയും 14/09/2018 ൽ 422612.25/-രൂപ Agreed PAC ആയി നിശ്ചയിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ സെലക്ഷൻ നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. 27/09/2017 ൽ എഗ്രിമെന്റ് ചമച്ചിട്ടുണ്ട്.(എഗ്രിമെന്റ് നം. 19/AE/AGP/2017-18 dtd.27/09/17) എന്നാൽ എം.ബുക്ക് പ്രകാരം 501453/-രൂപായ്ക്ക് പ്രവൃത്തി നിർവഹിക്കുകയും അത്രയും തുക തന്നെ ചെലവു ചെയ്യുകയും ചെയ്തിട്ടുണ്ട്. അംഗീകരിച്ച ടെണ്ടറിനേക്കാൾ ഉയർന്ന തുക ചെലവ് ചെയ്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 23 തീയതി 27/09/2018 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടപ്പോൾ കരാറുകാരൻ 501453/-രൂപായ്ക്കാണ് പ്രവൃത്തി ടെണ്ടർ ചെയ്തിരിക്കുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ശ്രീ.ധനേന്ദ്രൻ 501453/-രൂപായാണ് ടെണ്ടർ ചെയ്തിരുന്നത് എങ്കിൽ മറ്റു രണ്ടു കുറഞ്ഞ ടെണ്ടറുകളും നിരസിക്കുവാനുള്ള കാരണം അസി.എഞ്ചിനീയർ വ്യക്തമാക്കിയിട്ടില്ല. മാത്രമല്ല 14/09/2018 ൽ 422612.25/-രൂപ Agreed PAC ആയി നിശ്ചയിച്ച് ശ്രീ ധനേന്ദ്രന് അസിസ്റ്റന്റ് എഞ്ചിനീയർ സെലക്ഷൻ നോട്ടീസ് അയച്ചിരുന്ന സ്ഥിതിക്ക് കരാറുകാരൻ ടെണ്ടർ ചെയ്തിരുന്ന നിരക്ക് 422612.25/-രൂപ ആയിരുന്നു എന്നത് വ്യക്തമാണ്. ഈ സാഹചര്യത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി അംഗീകരിക്കുവാൻ കഴിയില്ല. ആയതിനാൽ ടെണ്ടർ ചെയ്ത നിരക്കിൽ നിന്നും അധികം ചെലവു ചെയ്ത 78841/-രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. നഷ്ട തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗിന്റെ അഭാവവും, വികസന, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമല്ലാത്ത പ്രവർത്തനവുമാണ് ഇത്തരത്തിലുള്ള അധിക ചെലവിന് കാരണം.

## 3-5 റോഡ് പ്രവൃത്തികൾ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ

നിർവഹിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ 88 പദ്ധതികളിൽ 53 പദ്ധതികളും റോഡ് പ്രവൃത്തികളാണ്.എന്നാൽ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് ടാറിംഗ്, കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത്. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയിലൂടെ വിശദീകരണം ആവശ്യപ്പെട്ടിരുന്നു.ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും റോഡ് വികസനം റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കേണ്ടതുമാണ്.

## 3-6 സൈഡ് വാൾ നിർമ്മാണം-ഐകരൂപ്യം പാലിക്കുന്നില്ല.നഷ്ടം 5971/-രൂപ

Circular no 87/2016 dtd 18.11.2016 of finance (Inspection wing-Technical Department) അനുസരിച്ച് സൈഡ് വാൾ നിർമ്മാണം rubble masonary ഉപയോഗിച്ച് നിർവഹിക്കേണ്ടതാണ്. (ജില്ലാ പഞ്ചായത്തും ഈനിർദ്ദേശം നല്കിയിട്ടുള്ളതാണ്.)തൻവർഷം ഗ്രാമ പഞ്ചായത്ത് നിർവഹിച്ച അയ്യാരം കുഴി റോഡിൽ പാർശ്വ ഭിത്തി നിർമ്മാണം (പദ്ധതി നം.), വാവോട് തമ്പിക്കോണം റോഡിന് പാർശ്വ ഭിത്തി നിർമ്മാണം (പദ്ധതി നം.), വാവോട് കാക്കണംവിള റോഡിന് പാർശ്വ ഭിത്തി നിർമ്മാണം (പദ്ധതി നം)എന്നീ പദ്ധതികളിൽ മേൽ നിർദ്ദേശം പാലിച്ചുവെങ്കിലും മറ്റു ചില പ്രവൃത്തികളിൽ വ്യത്യസ്തയിനം കോൺക്രീറ്റുകൾ ഉപയോഗിച്ച് സൈഡ് വാൾ പ്രവൃത്തി നിർവഹിച്ചതായി കാണുന്നു.

1. ഉരിയാണിക്കുന്ന് സൈഡ് വാൾ നിർമ്മാണം(189/18)

അടങ്കൽ - 350000/-

ചെലവ് -

കരാറുകാരൻ - ക്രിസ്തുദാസ്

എം. ബുക്ക് നം. - 580/17-18

ബിൽ നം. - 83/17-18 തീ.27/03/18

ടി പ്രവൃത്തിയിൽ സൈഡ് വാൾ നിർമ്മാണത്തിനായി സിമന്റ് കോൺക്രീറ്റ് 1:3:6 ആണ് ഉപയോഗിച്ചിരിക്കുന്നത്. 34.75$^{m3}$ പ്രവൃത്തി നിർവഹിച്ചതിന് m3ന് 8399.80/- നിരക്കിൽ 291893/- നൽകിയിട്ടുണ്ട്. എന്നാൽ ഈയിനം ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുകയോ പ്രത്യേകം പരാമർശിക്കുകയോ ചെയ്തിട്ടില്ല.

2. ശൂരവക്കാണി ആലംപന്തി റോഡ് ഓട &സൈഡ് വാൾ നിർമ്മാണം(137/2018)

അടങ്കൽ - 872000/- (മെയിന്റനൻസ് റോഡ്)

ചെലവ് - 569608/-

കരാറുകാരൻ - ധനേന്ദ്രൻ

എം ബുക്ക് നം. - 259/2017-18

ബിൽ നം. - 94/17-18 തീ.31/03/18

ടി പ്രവൃത്തിയിൽ സൈഡ് വാൾ നിർമ്മാണത്തിനായി സിമന്റ് കോൺക്രീറ്റ് 1:2.5:5 ആണ് ഉപയോഗിച്ചിരിക്കുന്നത്. പ്രവൃത്തിയിൽ ഇനം നം. 3 ആയി (എം ബുക്ക് പേജ് നം. 14മുതൽ 16വരെ)26.47$m^3$ പ്രദേശം RCC 1: 2.5 :5 ഉപയോഗിച്ച് സൈഡ് വാൾ നിർമ്മിച്ചിട്ടുണ്ട് .എന്നാൽ ഈയിനം ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുകയോ പ്രത്യേകം പരാമർശിക്കുകയോ ചെയ്തിട്ടില്ല. മാത്രമല്ല കോൺക്രീറ്റ് ചെയ്ത ഏരിയായിൽ 30.85$m^2$ പ്രദേശം (എം ബുക്ക് പേജ് നം. 21മുതൽ 22വരെ) 1:4,12mm സ്പെസിഫിക്കേഷനിൽ പ്ലാസ്റ്ററിംഗ് നടത്തിയിട്ടുണ്ട്. MoRD സ്പെസിഫിക്കേഷനിൽ 1: 2.5 :5സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ച് ഓടകളുടെ സൈഡ് നിർമ്മിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ഈ ഇനം ഉപയോഗിക്കുമ്പോൾ (ഓടകളുടെ നിർമ്മാണത്തിൽ പോലും) പ്ലാസ്റ്ററിംഗ് ഒഴിവാക്കുവാനും ജില്ലാ പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിനാൽ ഈ ഇനത്തിനായി ചെലവഴിച്ച തുക ചുവടെ സൂചിപ്പിക്കും പ്രകാരം ഓഡിറ്റ് നിരാകരിക്കുന്നു.

ചെയ്ത പ്രവൃത്തി -30.85$m^2$

എസ്റ്റിമേറ്റ് അളവ് -29.35$m^2$

നല്കിയ നിരക്ക് (BOQ) -199.039$m^2$

നല്കിയ തുക -5971.17/-

മേൽ സൂചിപ്പിച്ച അപാകതകൾ പരാമർശിച്ച് നല്കിയ ഓഡിറ്റ് എന്ക്വയറിക്ക് (എൻക്വയറി നം 13 തീ.26/09/ 2018)സൈറ്റ് കണ്ടീഷൻ അനുസരിച്ച് കോൺക്രീറ്റ് പ്രവൃത്തിയാണ് അഭികാമ്യം എന്ന് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയെ സംബന്ധിക്കുന്ന എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കാത്തത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. പ്ലാസ്റ്ററിംഗിനായി അധികം ചെലവഴിച്ച തുക 5971/- രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുന്നില്ല-തീരുമാനങ്ങൾ പാഴാകുന്നു

ജി.ഒ (എം.എസ്) നം.72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്നതിനായി ഏറ്റെടുത്ത ചുവടെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ തൻവർഷം നടപ്പിലാക്കിയിട്ടില്ല.

1. തേക്കുപാറ കൊണ്ടകെട്ടി റോഡിൽ സൈഡ് വാൾ നിർമ്മാണം.(196/18)
2. ആയുർവേദ ആശുപത്രി വയറിംഗും മെയിന്റനൻസും(199/18)
3. തേക്കുപാറ കമ്മ്യൂണിറ്റി ഹാളിൽ കക്കൂസ് നിർമ്മാണം(200/18)

4. പഞ്ചായത്ത് ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണവും പൂർത്തിയാക്കലും സംരക്ഷണ ഭിത്തി നിർമ്മാണവും (201/18)

5. കുട്ടപ്പൂ കല്ലുവിള നടപ്പാത റോഡ് സൈഡ് വാൾ നിർമ്മാണം(202/18)

6. ഫ്രണ്ട് ഓഫീസ് നവീകരണം (209/18)

7. അമ്പൂരി വയലിൻകര-കളത്തിൻകര റോഡ് സെക്കന്റ് മെറ്റലിംഗ്,ടാറിംഗ്,റീ ടാറംഗ് (212/18)

8. വയലിൻകര വെള്ളാപ്പള്ളി റോഡിൽ ഓട നിർമ്മാണം (230/18)

9. രാജഗിരി അമ്പൂങ്കയം റോഡ് ടാറിംഗ് 240/18)

നടപ്പിലാക്കാൻ തീരുമാനിച്ച സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 12 തീയതി /26/09/2018 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണമാണ് പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിക്കാത്തത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ദീർഘ വീക്ഷണത്തോടെ പദ്ധതികൾ ഏറ്റെടുക്കേണ്ടതും സർക്കാർ നിർദ്ദേശം കർശനമായി പാലിക്കേണ്ടതുമാണ്.

## 3-8 തെരുവു വിളക്ക് വാങ്ങൽ- ആവശ്യത്തിലധികം വാങ്ങി 14235/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. - 8/2018, s0150/17 (ജനറൽ)

ബിൽ നം. - 7/17-18 തീയതി 19.07.2017നിർവഹണ ഉദ്യോഗസ്ഥൻ, സെക്രട്ടറി

തെരുവുവിളക്കുകളിൽ ട്യൂബ്ലൈറ്റ് സ്ഥാപിക്കലിനുള്ള പ്രോജക്ടിൽ 949/രൂപ നിരക്കിൽ വിജയ് ഏജൻസീസ്, കൊല്ലത്തിന് രണ്ട് വർഷ ഗ്യാരണ്ടിയോടുകൂടി കരാർ നല്കി. 19.07.2017 ന് 172718/-രൂപ 182 ട്യൂബുകൾ സ്ഥാപിക്കലിനുള്ള വിലയായി നല്കിയിട്ടുണ്ട്. എന്നാൽ സൂപ്പർവിഷൻ ചാർജ് കെ.എസ്.ഇ.ബി. അമ്പൂരി സെക്ഷൻ ഈടാക്കിയത് 167 ട്യൂബുലൈറ്റുകൾ സ്ഥാപിക്കലിനുള്ള ചാർജാണ്. ഓഡിറ്റ് എൻക്വറിക്കുള്ള (5) മറുപടിയായി വ്യത്യാസം വന്ന 15 ട്യൂബുകൾ ഒറ്റശേഖരമംഗലം സെക്ഷനിലുള്ളതാണെന്നാണ്.

എന്നാൽ അവിടെ നിന്നും ലഭിച്ച യാതൊരു രേഖകളും ഓഡിറ്റിനു നല്കിയിട്ടില്ല. ഈ പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തെരുവു വിളക്കുകളുടെ എണ്ണംകാണിക്കുന്ന ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ബൾബുകളുടെ യഥാർത്ഥ എണ്ണത്തെ കുറിച്ച് വ്യക്തമായ കണക്കില്ല. കത്തുന്നവയുടെയും കത്താത്തവയുടെയും എണ്ണവും ലഭ്യമല്ല. കെ.എസ്.ഇ.ബിയും പഞ്ചായത്തുമായി ചേർന്ന് നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഇളക്കിമാറ്റിയ സാധനങ്ങൾ ലേലം ചെയ്ത് പഞ്ചായത്തിൽ മുതൽകൂട്ടിയിട്ടില്ല. ആകെയുള്ള 13 വാർഡുകളിലായി 14 ട്യൂബു സെറ്റുകൾ വീതം സ്ഥാപിക്കാനുള്ള ഈ പ്രോജക്ട് പ്രകാരം 167 ട്യൂബുകൾ സ്ഥാപിച്ചെങ്കിലും മിക്കവയും കത്തുന്നില്ല. രണ്ട് വർഷ ഗ്യാരണ്ടിയുള്ളവയായിട്ടും ഇവ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിലുള്ള വർക്കിംഗ്ഗ്രൂപ്പുകളുടെ മോണിറ്ററിംഗ്ഫലപ്രദമായി നടന്നിട്ടില്ല.

വ്യക്തമായ മറുപടിയുടെ അഭാവത്തിൽ 15 ട്യൂബുകൾക്ക് നല്കിയ 14235/-രൂപ തടസ്സപ്പെടുത്തുന്നു.

# 3-9 പഞ്ചായത്ത് ഓഫീസ് വയറിംഗ്

പ്രോജക്ട് നം. - 84/2018

ബിൽ നം. - 16/17-18 തീയതി 7-8-17

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പഞ്ചായത്ത് ഓഫീസ് വയറിംഗിനായി 218000/- രൂപ നിക്ഷേപ പ്രർത്തിക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷന് നല്കിയിട്ടുണ്ട്. പണിപൂർത്തികരിച്ച വിനിയോഗ സാക്ഷ്യപത്രത്തിൽ 190758/-രൂപയാണ് ചെലവഴിച്ചതെന്ന സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന 27242/- രൂപ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.9).തിരികെ ലഭിക്കാനുള്ള 27242/-രൂപ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-10 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.തുക തടസ്സം ചെയ്യുന്നു.1734000/-

നിക്ഷേപപ്രവൃത്തിക്കായി 2017-18 ൽ താഴെ പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്. കരാർ വ്യവസ്ഥയനുസരിച്ച് 30 ദിവസത്തിനുള്ളിൽ പണിപൂർത്തികരിക്കാമെന്ന് ആണെങ്കിലും നാളിതുവരെ പണി തുടങ്ങിയിട്ടില്ല.

| | | | |
|---|---|---|---|
| S0035/18 | മായം കുരിശ്ശടി പൈപ്പ് ലൈൻ നീട്ടൽ | 250000/- | KwA' NTA |
| S0036/18 | പന്ത-കരുമാംകുളം പൈപ്പ് ലൈൻ നീട്ടൽ | 70000/- | KwA' NTA |
| 38/18 | അമ്പൂരി-ചറുക്കിപ്പാറ പൈപ്പ് ലൈൻ നീട്ടൽ | 145000/- | KwA' NTA |
| S0040/18 | പാലിയേക്കര പാലക്കാട്-പൈപ്പ് ലൈൻ നീട്ടൽ | 119000/- | KwA' NTA |
| S0047/18 | കളത്തിപ്പാറ-വെള്ളരിക്കുന്ന് പൈപ്പ് ലൈൻ നീട്ടൽ | 270000/- | KwA' NTA |
| S0043/18 | കാസാറോഡ് പൈപ്പ് ലൈൻ നീട്ടൽ | 100000 | KwA' NTA |
| S044/18 | രാജഗിരി പൈപ്പ് ലൈൻ നീട്ടൽ | 60000 | KwA' NTA |
| S0046/18 | കെങ്കോട്ടുപാറകുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 200000 | KwA' NTA |
| S0047/18 | ചീനീക്കാല നെടുംപുലി പൈപ്പ് ലൈൻ നീട്ടൽ | 200000 | KwA' NTA |
| S0048/18 | കാഞ്ഞിരം മൂട് പൈപ്പ് ലൈൻ നീട്ടൽ | 170000 | KwA' NTA |
| S0049/18 | കണ്ടംതിട്ട- ഇടവാച്ചൽ പൈപ്പ് ലൈൻ നീട്ടൽ | 150000 | KwA' NTA |
| ആകെ | | 1734000 | |

മോണിട്ടറിംഗ് സമിതിയുടെ കാര്യക്ഷമമായ നിരീക്ഷണം നടന്നിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 17,34,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല തടസ്സം 354124/- രൂപ

(a) പ്രോജക്ട് - ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം. - S0060/18

അടങ്കൽ തുക - 5,00000/-

ചെലവ് - 5,00000/-

ബിൽ നം. - തീയതി . 1/17-18/11.10.2017

അന്നൂരി ആയൂർവ്വേദ ഡിസ്പെൻസറിക്ക് 2017-18 വർഷം മരുന്ന വാങ്ങുന്നതിനായി 5 ലക്ഷം രൂപ ഔഷധിക്ക് കൈമാറിയിട്ടുണ്ടെങ്കിലും ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. ഔഷധിയിൽ നിന്നും മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം./തീയതി | | തുക |
|---|---|---|
| 90043365/01.12.17 | - | 2,66,212/- |
| 90056272/28.02.18 | - | 45839/- |
| 90060910/30.03.18 | - | 55,243/- |
| 90064214/23.05.18 | - | 24,168/- |
| 90068569/19.06.18 | - | 33,854/- |
| 90070742/29.06.18 | - | 12,486/- |
| 90074576/21.07.18 | - | 22,627/- |
| ആകെ | - | 4,60,429/- |

39571/- രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും ലഭിക്കുന്നതിന് അവശേഷിക്കുന്നു.

(b) പ്രോജക്ട് - പി.എച്ച്.സി.യ്ക്ക് മരുന്നുവാങ്ങൽ

പ്രോജക്ട് നം. - S0069/18

അടങ്കൽ തുക - 5,00000/-

ചെലവ് തുക - 5,00000/-

ബിൽ നം./തിയതി - 4/17-18/21.12.17

പി.എച്ച്.സി.യ്ക്ക് മരുന്ന വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 5 ലക്ഷം രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 1,86,447/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇൻവോയിസ് നം. തീയതി തുക

7637/23.01.18 - 52,869/-

242/23.01.18 - 5476/-

5858/02.08.18 - 91,319/-

5859/02.08.18 - 35,783/-

ആകെ - 1,85,447/-

3,14,553/- രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്. ഔഷധിയിൽ നിന്നും, മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭിക്കാനുള്ള മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1.അപേക്ഷകളിലേറെയും ന്യൂനതകളോടു കൂടിയതാണ്. സ്ഥലം,തിയതി,ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2. ഗ്രാമസഭാ ഗുണഭോക്തൃ ലിസ്റ്റിൽ ഗുണഭോക്താവിന്റെ പേരിനു പകരം മാതാപിതാക്കളുടെ പേര് രേഖപ്പെടുത്തിയിട്ടുണ്ട്.

3.കൈപ്പറ്റ രസീതില്ലാതെയും ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നു.

4.കമ്പ്യൂട്ടർ വിതരണം ചെയ്യുന്ന പ്രോജക്ടുഫയലിൽ ഗുണഭോക്താവിന് ഇതിനുമുമ്പ് ലാപ്ടോപ്പ് വിതരണം ചെയ്തിട്ടില്ലെന്ന ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ സാക്ഷ്യപത്രമാണുള്ളത്. ഇതിൽനിന്ന് ഗുണഭോക്താവിന് ഇതിനുമുമ്പ് കമ്പ്യൂട്ടർ ലഭിച്ചിട്ടുണ്ടോയെന്ന് അറിയാനാകുന്നില്ല.

5.അപേക്ഷയോടൊപ്പമുള്ള രേഖകൾ പരിശോധിച്ചതിൽ ഉന്നത പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ നൽകുന്ന പ്രോജക്ടിൽ കോഴ്സ് കഴിഞ്ഞതിനു ശേഷമാണ് ഭൂരിഭാഗം ഗുണഭോക്താക്കൾക്കും കമ്പ്യൂട്ടർ നൽകിയിട്ടുള്ളത്.ഇത് പദ്ധതിയുടെ ലക്ഷ്യത്തിന് എതിരാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പദ്ധതി നിർവ്വഹണ ഘട്ടത്തിലാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനവും ഗുണഭോക്താവിന്റെ അപേക്ഷയും നിർവ്വഹണ ഉദ്യോഗസ്ഥന് സെക്രട്ടറിയിൽ നിന്ന് ലഭ്യമാകുന്നതെന്നും, രക്ഷകർത്താവിന്റെ പേരിനുപകരം യഥാർത്ഥ ഗുണഭോക്താവിന്റെപേര് ലഭ്യമാക്കാൻ പഞ്ചായത്തിന് കത്ത് നൽകിയിരുന്നുവെന്നും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറിൽനിന്ന് ശരിയായ സാക്ഷ്യപത്രം വാങ്ങി സമർപ്പിക്കാമെന്നും സ്പിൽ ഓവർ

പ്രോജക്ടായതിനാലാണ് പഠനാവശ്യം കഴിഞ്ഞ് കമ്പ്യൂട്ടർ നൽകേണ്ടി വന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭ്യമായിട്ടുണ്ട്. ഭാവിയിൽ മേൽ വിഷയങ്ങളിൽ അപാകതകളുണ്ടാകാതിരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 30000/- | എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം | - | 30000/- |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000/- | ക്ഷീര വികസനം | 200000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000/- | കുട്ടികളുടെ പാർക്ക് | 250000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 265000/- | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ | 265000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 230000/- | മെരിറ്റോറിയസ് സ്കോളർഷിപ്പ് | - | 230000/- |
| ജില്ലാപഞ്ചായത്ത് | 2017-18 | 265000/- | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 265000/- | - |
| ജില്ലാപഞ്ചായത്ത് | 2017-18 | 80000/- | ക്ഷീര വികസനം | 80000/- | - |
| ജില്ലാപഞ്ചായത്ത് | 2017-18 | 990000/- | ലൈഫ് പദ്ധതി | - | 990000/- |

സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകയിൽ അവശേഷിക്കുന്ന തുകകൾ ബ്ലോക്ക്/ജില്ലാപഞ്ചായത്തിന് കൈമാറേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| | പദ്ധതി | നല്കിയ തുക | തുക സ്വീകരിച്ച ഏജൻസി |
|---|---|---|---|
| S0035/18 | മായം കുരിശ്ശടി പൈപ്പ് ലൈൻ നീട്ടൽ | 250000/- | KwA' NTA |

| | | | |
|---|---|---|---|
| S0036/18 | പന്ത-കരുമാംകുളം പൈപ്പ് ലൈൻ നീട്ടൽ | 70000/- | KwA' NTA |
| 38/18 | അമ്പൂരി-ചറുക്കിപ്പാറപൈപ്പ് ലൈൻ നീട്ടൽ | 145000/- | KwA' NTA |
| S0040/18 | പാലിയേക്കര പാലക്കാട്-പൈപ്പ് ലൈൻ നീട്ടൽ | 119000/- | KwA' NTA |
| S0047/18 | കളത്തിപ്പാറ-വെള്ളരിക്കുന്ന് പൈപ്പ് ലൈൻ നീട്ടൽ | 270000/- | KwA' NTA |
| S0043/18 | കാസാറോഡ് പൈപ്പ് ലൈൻ നീട്ടൽ | 100000 | KwA' NTA |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം./ ചെക്ക് നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ്.ലോൺ | 831/2016/ LSGD/11/ 03/2018 | 13764000/- | 3694258/- | 826110 | 2868148 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2016-17 | 3-11 | 287 | കെ.മോഹനകുമാരൻ, സെക്രട്ടറി | 11701101427/തീയതി 09/11/2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 35-1 | 2003-04 | 1 | ചീനിക്കാല അംഗൻവാടി നിർമ്മാണം അഡ്വാൻസും പാർട്ട് ബില്ലും കൈപ്പറ്റിയ ശേഷം പ്രവൃത്തി അപൂർണമായി ഉപേക്ഷിച്ചു | പ്രാദേശിക പരിശോധന നടത്തിയിട്ടുണ്ട് |
| 2000-01 | 46 | 2003-04 | 2 | തേക്കുപാറ കൊണ്ടകെട്ടി റോഡ് ടാറിംഗ് ടെണ്ടർ കിഴിച്ച് അവസാന ബില്ലിൽ നിന്നും കുറക്കാത്തതു കൊണ്ടുള്ള നഷ്ടം | തുക കരാറു കാരനിൽ നിന്നും ഈടാ ക്കിയിട്ടുണ്ട് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63542212 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59627080 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 96388 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2101359 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ക്രമ നം. | ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1 | 3-2 | | 7327 | ശ്രീ.ശ്രീരാഗ്.ആർ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | 4249 | ശ്രീ.പ്രവീൺ കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 2 | 3-4 | | 78841 | ശ്രീ.ശ്രീരാഗ്.ആർ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3 | 3-6 | | 5971 | ശ്രീ.പ്രവീൺ കുമാർ. അസി.എഞ്ചിനീയർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നം. | ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 3-10 | 1734000 | ശ്രീ.ഗോപകുമാർ, സെക്രട്ടറി |
| 2 | 3-11 (a) | 39571 | ഡോ.ഷീനാ പീറ്റർ. എം.ഒ (ആയുർവേദം) |
| 3 | 3-11 (b) | 313553 | ഡോ.നവജീവൻ. എം.ഒ (പി.എച്ച്.സി) |
| 4 | 3-8 | 14235 | ശ്രീ.ഗോപകുമാർ, സെക്രട്ടറി |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.ശ്രീരാഗ്.ആർ.കെ.<br>അസി.എഞ്ചിനീയർ | | ഹരിശ്രീ.എസ്.ബി.എം.ആർ.എ.ഡി.26<br>ഭജനമഠം റോഡ് പേയാട്<br>പി.ഓ.695573 |
| 2 | ശ്രീ.പ്രവീൺ കുമാർ.<br>അസി.എഞ്ചിനീയർ | | പ്രവീൺ വിഹാർ ഊരൂട്ടമ്പലം തിരുവനന്തപുരം |
| 3 | ഗോപകുമാർ,<br>സെക്രട്ടറി | | പൂവങ്കവിളാകത്ത് വീട് തലയൽ ആറാലുംമൂട്.പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി 2/328/2003 | 8 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി 2-884/2006 | 3 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി 2/884/2006 | 4 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി 2/1224/2007 | 9 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി 2/1125/2008 | 5 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി 2/1051/2009 | 16 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി 2/748/2011 | 12 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി 2/2413/2012 | 11 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി 2/2640/2012 | 24 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി 2/2568/2013 | 10 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി 2/1863/14 | 22 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി 2/881/2015 | 10 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി 2/1383/16 | 20 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി 2/2063/2016 | 9 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ അമ്പൂരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.